**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **09-10-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതി പ്രവർത്തനത്തിനും ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളും, ഓരോ പദ്ധതി പ്രവർത്തനത്തിനും ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന വനം വകുപ്പ് പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന വനം വകുപ്പ് പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം. I

| ക്രമ. നം. | നടപ്പിലാക്കിയ പദ്ധതികൾ | ചെലവായ തുക (ലക്ഷത്തിൽ) |
| --- | --- | --- |
| 1. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ഇ.എം.എഫ് പദ്ധതി പ്രകാരം 7.5 കി.മീ. ദൂരം കുളത്തുപ്പുഴ റെയിഞ്ച് ചിറ്റാർ നോർത്ത്, സൗത്ത് സെക്ഷനിൽ പുതുതായി സോളാർ ഫെൻസിംഗ് നിർമ്മാണം | 10.19 |
| 2. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി ഇ.എം.എഫ് പദ്ധതി പ്രകാരം 3.5 കി.മീ. ദൂരം കുളത്തുപ്പുഴ റെയിഞ്ച് ശങ്കിലി സെക്ഷനിൽ നിലവിലുള്ള സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തി ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കി. | 3.96 |
| 3. | പാലോട് റെയിഞ്ച് പൊന്മുടി, മങ്കയം ഇക്കോട്ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൌകര്യവികസനത്തിന്റെ ഭാഗമായി കല്ലാർ ഗോൾഡൻവാലി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റിന് പുതിയ കെട്ടിടം നിർമ്മിച്ചു. | 76.00 |
| 4. | കുളത്തുപ്പുഴ, പാലോട് റെയിഞ്ചുകളിൽ അക്കേഷ്യ പ്ലാന്റേഷനുകളിൽ ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തി യുടെ ഭാഗമായുള്ള തൈനടിൽ, ഒന്നാം വർഷ,രണ്ടാം വർഷ പരിചരണ പ്രവർത്തികൾ (98.7 ഹെ.) | 116.55 |
| 5. | കുളത്തുപ്പുഴ, പാലോട് റെയിഞ്ചുകളിൽ തേക്ക്, കമ്പകം, ബാംബൂ, ആഞ്ഞിൽ+പ്ലാവ് പ്ലാന്റേഷനുകളിൽ ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തിയുടെ ഭാഗമായുള്ള ഒന്നാം വർഷ പരിചരണ പ്രവർത്തികൾ (261 ഹെ.) | 21.00 |
| 6. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 31.05.2024 -ലെ സർക്കാർ ഉത്തരവ് (കൈ)23/2024/വനം നമ്പർ ഉത്തരവ് പ്രകാരം പാലോട് റെയിഞ്ചിൽ രൂപീകരിച്ച ആർ.ആർ.ടി യുടെ ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങിയത്. | 3.45 |
| 7. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം | 300.00 |
| 8. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നീന്തൽ കുളത്തിന്റെ നിർമ്മാണം | 200.00 |
| 9. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ മെസ്സ് ഹാൾ, കിച്ചൺ, റെസ്റ്റ് റൂം, എന്നിവയുടെ നവീകരണം. | 100.48 |
| 10. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ റിക്രിയേഷൻ ഹാളിന്റെ നവീകരണം | 49.90 |
| 11. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ ലൈബ്രറി നവീകരണം | 53.84 |
| 12. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ ബാരക്കിന്റെ നവീകരണം | 53.36 |
| 13. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ ടോയിലറ്റ് ബ്ലോക്കിന്റെ നവീകരണം | 12.01 |
| 14. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ ബസ്സ് ഷെഡ് കം ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ നിർമ്മാണം. | 22.41 |
| 15. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ വനറാണി ഹോസ്റ്റലിന്റെ നവീകരണം | 13.69 |

അനുബന്ധം II

ഉത്തരം (ബി)

| ക്രമ. നം. | നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കുളത്തൂപ്പുഴറെയിഞ്ചിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി കൃഷി വകുപ്പുമായി സഹകരിച്ച് ആർ.കെ.വി.വൈ പദ്ധതി പ്രകാരം 9.57 കി.മീ. ദൂരം എലിഫന്റ് പ്രൂഫ് ട്രഞ്ച് നിർമ്മാണം ഡി.പി.ആർ അംഗീകാരം ലഭിച്ചിട്ടുണ്ട്. | 143.55 |
| 2. | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ വേണ്ടി കുളത്തൂപ്പുഴ റെയിഞ്ചിൽശങ്കിലി സെക്ഷനിൽ 8 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് മെയിന്റനൻസ് ചെയ്യൽ | 16.00 |
| 3. | കുളത്തൂപ്പുഴ,പാലോട്റെയിഞ്ചുകളിൽ അക്കേഷ്യ, തേക്ക്, കമ്പകം, ബാംബൂ, ആഞ്ഞിൽ+പ്ലാവ്, മെഡിസിനൽ പ്ലാന്റേഷനുകളിൽ ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തിയുടെ ഭാഗമായുള്ള പരിചരണ പ്രവർത്തികൾ (261 ഹെ.) | 70.00 |
| 4. | വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി കുളത്തൂപ്പുഴ റെയിഞ്ചിൽ ശങ്കിലി സെക്ഷനിലെ പോട്ടമാവ് ഭാഗങ്ങളിൽ 4 കി.മീറ്റർ നീളത്തിലും പാലോട് റെയിഞ്ച് കല്ലാർ സെക്ഷനിലെ ചെമ്പിക്കുന്ന്, മൊട്ടമൂട് ഭാഗങ്ങളിൽ 2.5 കി.മീറ്റർ നീളത്തിലും പെരിങ്ങമ്മല സെക്ഷനിലെ വെങ്കലക്കോൺ, ഈയ്യക്കോട്, കൊടിച്ചില, വിട്ടിക്കാവ്, ഒരുപറംകരിക്കകം എന്നിവിടങ്ങളിൽ 8 കി.മീറ്റർ നീളത്തിലും NABARD RIDF TRANCHE XXIX ൽ ഉൾപ്പെടുത്തി ആനകിടങ്ങ് നിർമ്മാണം. | 224.73 |
| 5. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ അക്കാഡമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം | 1073.66 |
| 6. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ ട്രെയിനീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം. | 946.59 |
| 7. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ്സിലെ എക്സിക്യൂട്ടീവ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം. | 891.29 |